**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3434** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ സീഡ് ഫാം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സീഡ് ഫാമിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇതിന്റെ പശ്ചാത്തല വികസനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 1963-ൽ സ്ഥാപിതമായ അനങ്ങനടി സ്റ്റേറ്റ് സീഡ് ഫാമിന്റെ ആകെ വിസ്തൃതി 7.13 ഹെക്ടറാണ്. അതിൽ 6.48 ഹെക്ടർ ഭൂമിയും നെൽപ്പാടമാണ്. ഫാമിന്റെ വൈവിധ്യ വൽക്കരണത്തിനും ആധുനീകരണത്തിനും കരഭൂമിയുടെ കുറവ് ഒരു പരിമിതിയായി നിലനിൽക്കുന്നു. നിലവിൽ നെൽവിത്ത്, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, കുരുമുളകുവള്ളികൾ, തെങ്ങിൻ തൈ, ഫലവൃക്ഷ തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. പശ്ചാത്തല വികസനത്തിനായി ആധുനിക നെൽവിത്ത് സംഭരണ ശാല, മഴമറകൾ, പോളിഹൗസ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവ ഫാമിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ട്രാക്ടർ, മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷികോപകരണങ്ങളുമുണ്ട്. ആകെ 19 സ്ഥിരം തൊഴിലാളികളുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ 14 സ്ഥിരം തൊഴിലാളികളാണുള്ളത്. അഞ്ചു സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, സീനിയർ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ ജീവനക്കാരും നിലവിലുണ്ട്. |
| (ബി) | ആധുനിക കൃഷി രീതികൾ പ്രാവർത്തികമാക്കുന്നതിന് ഈ സീഡ് ഫാമിന്റെ പ്രവർത്തനം നവീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാമോ; ഉണ്ടെങ്കിൽ എന്തൊക്കെ തരത്തിൽ ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും എന്ന വിശദമായ പഠനം നടത്താൻ വകുപ്പ് മുൻകൈ എടുക്കുമോ; വിശദമാക്കാമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ